**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **20-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ്.എൽ.ബി.പി.)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പതിറ്റാണ്ടുകളായി നടപ്പിലാക്കി വരുന്ന പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി (എസ്.എൽ.ബി.പി.- സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് നിലവിൽ ക്ഷീരസംഘങ്ങൾ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ / അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ പ്രതിമാസം നിശ്ചിത അളവിൽ കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം നടത്തിവന്നിരുന്നത് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായ ഗോവർദ്ധിനി പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ടി മാത്രം 8 ജില്ലകളിലായി പ്രവർത്തിക്കുന്ന 38 കാഫ് ഫീഡ് സ്കീം സർക്കിൾ ഓഫീസുകളിലെ വെറ്ററിനറി സർജൻ തസ്തികയിലെ ജീവനക്കാരെ മൃഗാശുപത്രികളിലേക്ക് പുനർവിന്യസിക്കുമോ; | (ബി) | നിലവിൽ അപ്രകാരം ഒരു നിർദ്ദേശം ഇല്ല. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എൽ.ബി.പി. പദ്ധതി നടപ്പിലാക്കുന്നതിലേക്ക് വാങ്ങിയ ബില്ലിംഗ് മെഷീനുകൾക്ക് ഉപയോഗമില്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടില്ലേ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | എസ്.എൽ.ബി.പി. പദ്ധതി തുടർന്നു വരുന്നതിനാൽ അത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (ഡി) | കാലിത്തീറ്റയുടെയും വൈക്കോൽ ഉൾപ്പെടെയുള്ളവയുടെയും വില വർധന മൂലം കഷ്ടത അനുഭവിക്കുന്ന ക്ഷീര കർഷകർ പശുക്കിടാക്കളെ ഒഴിവാക്കുന്നതുമൂലം സമീപഭാവിയിൽ ക്ഷീരമേഖലയുടെ വലിയ തകർച്ചയ്ക്ക് ഈ നീക്കം കാരണമാകില്ലേ; ഇതു സംഭവിക്കാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്? | (ഡി) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മൂലം കർഷകർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ